# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2444 08/12/2015-ൽ മറുപടിയ്ക്ക്

## ആദിവാസികളുടെ സാമൂഹ്യനീതി മേഖലയിലെ പുരോഗതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ ആദിവാസികളുടെ സമൂഹ്യനീതി മേഖലയിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (എ) | സമയാസമയങ്ങളിൽ വിലയിരുത്താറുണ്ട്. |
| (ബി) | ഈ സർക്കാരിന്റെ ഓരോ ബഡ്ജറ്റിലും ആദിവാസികൾക്ക് സമൂഹ്യനീതി പുരോഗതിയ്ക്കായി എന്ത് തുക വകയിരുത്തിയിട്ടുണ്ടെന്ന് വർഷം തിരിച്ച് വിശദാംശം സഹിതം വ്യക്തമാക്കുമോ; | (ബി) | വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ഇത്രയും തുക ഓരോ വർഷവും പ്രസ്തുത ആവശ്യത്തിനായി ചെലവഴിച്ചില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) | ഓരോ വർഷവും പരമാവധി തുക ചെലവഴിച്ച് പദ്ധതികളോരോന്നും വിജയകരമായി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം -4

| ക്രമ നം. | പദ്ധതിയുടെ പേര് | വർഷം | വകയിരുത്തിയ തുക(ലക്ഷം) | ചെലവഴിച്ച തുക(ലക്ഷം) |
|---|---|---|---|---|
| 1. | അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ | 2011-12 | 15.00 | 15.00 |
| | | 2012-13 | 16.50 | 15.58 |
| | | 2013-14 | 25.00 | 25.00 |
| | | 2014-15 | 75.68 | 74.39 |
| | | 2015-16 | 10.00 | 10.00 |
| 2. | പെരിപ്പതറ്റിക് സെന്റർ | 2011-12 | 75.00 | 49.50 |
| | | 2012-13 | 53.00 | 51.41 |
| | | 2013-14 | 95.00 | 36.56 |
| | | 2014-15 | 40.00 | 37.51 |
| | | 2015-16 | 50.00 | 33.37 |
| 3. | കൈത്താങ്ങ് | 2013-14 | 15.00 | 15.00 |
| | | 2014-15 | 61.15 | 61.15 |
| | | 2015-16 | 11.00 | 11.00 |
| 4. | അഗതിമന്ദിരം | 2011-12 | 24.06 | 17.77 |
| | | 2012-13 | 24.02 | 20.10 |
| | | 2013-14 | 12.67 | 12.41 |
| | | 2014-15 | 27.46 | 27.38 |
| | | 2015-16 | 30.25 | 14.78 |
| 5. | പ്രത്യേക അംഗൻവാടി | 2012-13 | 0.20 | 0.20 |
| | | 2013-14 | 0.08 | 0.08 |
| | | 2014-15 | 0.46 | 0.46 |
| | | 2015-16 | 0.52 | 0.52 |

**1. അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ (സംസ്ഥാന വിഹിതം 50 ശതമാനം)**

അതിക്രമങ്ങൾ തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ പെട്ടെന്ന് തീർപ്പ് കൽപ്പിക്കുന്നതിന് എല്ലാ ജില്ലാ കോടതികളിലും സ്പെഷ്യൽ ബഞ്ചുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് താഴെപ്പറയുന്ന പ്രധാന ഘടകങ്ങളാണുള്ളത്.

- അതിക്രമങ്ങൾക്ക് ഇരയാകുന്നവരെ പുനരധിവസിപ്പിക്കുവാനും അവർക്ക് നഷ്ടപരിഹാരം നൽകുവാനും ഉചിതമായ പരിപാടികൾ രൂപീകരിക്കൽ.
- അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് നിയമസഹായം നൽകൽ.
- വയനാട് ജില്ലയിൽ സഞ്ചരിക്കുന്ന പ്രത്യേക പോലീസ് സ്ക്വാഡിന്റെ പ്രവർത്തനം.
- വയനാട്ടിൽ പ്രത്യേക കോടതി സ്ഥാപിക്കൽ.
- സാക്ഷികൾക്ക് യാത്രാ അലവൻസുകൾ നൽകുക.

**2. പ്രാക്തനാ ഗോത്രവർഗ്ഗക്കാർക്ക് പെരിപ്പതറ്റിക് വിദ്യാഭ്യാസം**

പ്രാക്തനാഗോത്ര വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗക്കാർക്കും അതുപോലെ സമാനമായ മറ്റ് പട്ടികവർഗ്ഗക്കാർക്കും വിദ്യാഭ്യാസം നൽകുന്നതിന് വേണ്ടി 2005-06-ൽ 37 പെരിപ്പതറ്റിക് വിദ്യാഭ്യാസ സെന്ററുകൾ സ്ഥാപിക്കുകയും തെരഞ്ഞെടുത്ത അദ്ധ്യാപകർക്ക് കിർത്താഡ്സ് വഴി പരിശീലനം നൽകുകയും ചെയ്തു. പട്ടികവർഗ്ഗക്കാരെ വിദ്യ അഭ്യസിപ്പിക്കുന്നതിനായി തെരഞ്ഞെടുത്ത സങ്കേതങ്ങളിൽ അദ്ധ്യാപകർ സന്ദർശിച്ച് പഠിപ്പിക്കുന്ന

ഒരു ഏകാദ്ധ്യാപക പരിപാടിയാണിത്. ഒറ്റപ്പെട്ട സങ്കേതങ്ങളിലെ കുട്ടികൾക്ക് സങ്കേതങ്ങളിൽ വച്ചു തന്നെ വിദ്യാഭ്യാസം നൽകി വിദ്യാഭ്യാസത്തിൽ താത്പര്യം ജനിപ്പിക്കുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം. രണ്ടും മൂന്നും ക്ലാസ്സുകളിൽ എത്തുന്ന വിദ്യാർത്ഥികൾക്ക് തുടർന്ന് പഠിക്കുന്നതിന് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുന്നതാണ്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 34 ഏകാദ്ധ്യാപക സ്കൂളുകളും അഞ്ച് ബാലവിജ്ഞാന കേന്ദ്രങ്ങളും 2006-07 മുതൽ പെരിപ്പതറ്റിക് വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്

3. **അനാഥരായ കുട്ടികൾക്കുള്ള സഹായം**

മാതാപിതാക്കൾ നോക്കാനില്ലാത്ത പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രത്യേക സഹായം നൽകുന്നതിനു വേണ്ടിയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഇത്തരം കുട്ടികളെ നോക്കുകയും അവരെ വളർത്തുകയും ചെയ്യുന്നതിനാവശ്യമായ തുക ഈ പദ്ധതിയിലൂടെ നൽകുന്നു.പ്രായപൂർത്തിയാകുന്നതുവരെയോ / സ്വന്തമായി വരുമാനം ഉണ്ടാകുന്നതുവരെയോ ജീവിക്കാനും വിദ്യാഭ്യാസത്തിനും ആവശ്യമായ സഹായം ഈ പദ്ധതിയിലൂടെ നൽകുന്നു. ഇത്തരത്തിലുള്ള കുട്ടികളെ കണ്ടെത്തുന്നതിനും/കണക്കെടുപ്പ് നടത്തുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും, അവരെ വളർത്താനുള്ള സഹായവും ഇതിൽ നിന്ന് വഹിക്കാവുന്നതാണ്.

4. **അഗതി മന്ദിരം**

അടിയൻ, പണിയൻ,പ്രാക്തനാഗോത്രവർഗ്ഗക്കാർ, വനത്തിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർ എന്നിവർക്കുവേണ്ടി പുതിയ അഗതി മന്ദിരങ്ങൾ നിർമ്മിക്കുവാനുള്ള പദ്ധതിയാണിത്. അട്ടപ്പാടി, മാനന്തവാടി (കുഴിനിലം) സുഗന്ധഗിരി (വയനാട്) എന്നിവിടങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ മൂന്ന് അഗതിമന്ദിരങ്ങൾ പ്രവർത്തിച്ചു വരുന്നു.

5. **പ്രത്യേക അംഗൻവാടി**

പി.വിറ്റിജി 2013-14 പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് കൽപ്പറ്റ ബൊപ്പനമല കോളനിയിൽ പട്ടികവർഗ്ഗ കുട്ടികൾക്കായി ഒരു പ്രത്യേക അംഗൻവാടി പ്രവർത്തിച്ചു വരുന്നു.